File No.EXC/2736/2020-APC4

1

**കേരള എക്സൈസ് വകുപ്പ്**
**"മാതൃഭാഷ-മലയാളം"**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 22/06/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC19/2020/EXCISE**

വിഷയം: കോവിഡ് 19 വ്യാപനം - എക്സൈസ് വകുപ്പിന്റെ ദൈനംദിന പ്രവർത്തന നടപടികൾ സംബന്ധിച്ച മാർഗ്ഗ രേഖ

സൂചന: -

കോവിഡ്-19 പകർച്ചാ വ്യാധിയുടെ പശ്ചാത്തലത്തിൽ സാമൂഹിക അകലം പാലിക്കൽ, വർക്ക് ഫ്രം ഹോം തുടങ്ങിയ വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ രാജ്യവ്യാപകമായി നടപ്പാക്കപ്പെട്ടുമ്പോഴും അവശ്യ സേവന വിഭാഗമെന്ന നിലയിൽ ഈ ദുരന്തമുഖത്ത് എക്സൈസ് സേന മുൻപിൽ നിന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ദൈനംദിന ജോലിക്കിടെ വൈറസ് ബാധ ഏൽക്കാൻ സാധ്യതയുള്ള പലഘട്ടങ്ങളിൽ കൂടിയും എക്സൈസ് ഉദ്യോഗസ്ഥർക്ക് കടന്ന് പോകേണ്ടി വരുന്നു. ഉദ്യോഗസ്ഥർക്ക് ഇത്തരം ഘട്ടങ്ങളിൽ സ്വയം വൈറസ് ബാധ ഏൽക്കേണ്ടി വന്ന സാഹചര്യവും ജീവഹാനി സംഭവിച്ച സാഹചര്യവും ഉണ്ടായിട്ടുണ്ട്. ലോകം ഇന്നേവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള നിയന്ത്രണങ്ങളോടെയും നിബന്ധനകളോടെയും ജനങ്ങൾ ജീവിക്കാൻ നിർബന്ധിതരായ ഈ ഘട്ടത്തിൽ സമൂഹത്തിന് സേന നൽകേണ്ട സേവനത്തിന് യാതൊരു വിട്ടുവീഴ്ചയും ഉണ്ടാകാതെ വകുപ്പിന്റെ പ്രവർത്തന രീതിയും ശീലങ്ങളും മാറ്റിയെടുക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നു. ഓരോ എക്സൈസ് ഉദ്യോഗസ്ഥനിലും കോവിഡ്-19 മഹാമാരി മൂലം ഉടലെടുത്ത സാഹചര്യത്തെക്കുറിച്ച് പൂർണ്ണ അവബോധം സൃഷ്ടിച്ച് വ്യക്തിയുടെയും , വകുപ്പിന്റെയും അതിലൂടെ സമൂഹത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്ന തരത്തിൽ ദൈനംദിന പ്രവർത്തന രീതികൾ മാറ്റുന്നതിനുള്ള മാർഗ്ഗ രേഖ പുറപ്പെടുവിക്കേണ്ടതുണ്ട്. അത് നിരവേറ്റുന്നതിനയാണ് താഴെ കൊടുക്കുന്ന മാർഗരേഖ പുറപ്പെടുവിക്കുന്നത്.

## പ്രവർത്തന രീതിയുടെ മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിന്റെ ലക്ഷ്യങ്ങൾ

- വ്യക്തി സുരക്ഷയോടെ ഡ്യൂട്ടി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സംബന്ധിച്ച അവബോധം ഓരോ എക്സൈസ് ഉദ്യോഗസ്ഥനിലും ഉണ്ടാക്കുക.
- എക്സൈസ് ഓഫീസുകളും മറ്റ് തൊഴിലിടങ്ങളും അണുനശീകരണം നടത്തുന്നതിനുള്ള മാർഗ്ഗരേഖ രൂപീകരിക്കുക.
- ദൈനംദിന പ്രവർത്തികളിൽ ഏർപ്പെടുമ്പോൾ ധരിക്കേണ്ട വ്യക്തി സുരക്ഷ

ഉപകരണങ്ങൾ സംബന്ധിച്ച അവബോധം ഓരോ എക്സൈസ് ഉദ്യോഗസ്ഥരിലും ഉണ്ടാക്കുക.

- അണുനശീകരണ മാർഗ്ഗങ്ങൾ സംബന്ധിച്ചും അണുനശീകരണത്തിനായി ഉപയോഗിക്കുന്ന മാർഗ്ഗരേഖ സംബന്ധിച്ചും അവബോധം ഉണ്ടാക്കുക.
- ദൈനംദിന പ്രവർത്തനത്തിനിടയിൽ ചെയ്യാൻ പാടുള്ളതും പാടില്ലാത്തതുമായ കാര്യങ്ങൾ സംബന്ധിച്ച അവബോധം ഉണ്ടാക്കുക.

കൊറോണ വൈറസ് രോഗം- 2019 (COVID-19) എന്നത് വ്യക്തികളിൽ നിന്നും വ്യക്തികളിലേക്ക് പടരുന്ന ശ്വാസകോശ സംബന്ധമായ അസുഖമാണ്. ഇത് കൂടുതലും മൂക്കിൽ നിന്നോ വായിൽ നിന്നോ ഉള്ള ശരീരസ്രവങ്ങളുടെ ചെറിയ കണികകളിൽ കൂടിയാണ് പകരുന്നത്.

- COVID-19 ബാധിച്ച രോഗികൾക്ക് ചെറുതോ ഗുരുതരമായതോ രീതിയിലുള്ള ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ ഉണ്ടാകാം.
- പനി, ചുമ, ശ്വസിക്കാനുള്ള ബുദ്ധിമുട്ട്, ശ്വാസം മുട്ടൽ എന്നിവ ലക്ഷണങ്ങളിൽ ഉൾപ്പെടാം.
- SARS-CoV-2 വൈറസാണ് COVID-19 രോഗം ഉണ്ടാക്കുന്നത്. വ്യക്തികൾ തമ്മിൽ അടുത്ത് ഇടപഴകുമ്പോൾ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് ശ്വാസകോശ കണികകളിലൂടെയാണ് ഇത് വ്യാപിക്കുന്നത്. രോഗം ബാധിച്ച ഒരാൾ ചുമക്കുകയോ, തുമ്മുകയോ, സംസാരിക്കുകയോ ചെയ്യുമ്പോൾ പുറംതള്ളുന്ന ശ്വാസകോശകണികകൾ മറ്റൊരാളിന്റെ മൂക്കിലൂടെയോ , വായിലൂടെയോ അയാളുടെ ഉള്ളിൽ കടക്കുന്നു.

## <u>സാമൂഹ്യ അകലം പാലിക്കാത്ത അവസ്ഥകൾ ചുവടെ പറയുന്നു.</u>

- COVID-19 ഉള്ള ഒരു വ്യക്തിയുടെ ഏകദേശം 6 അടി പരിധിക്കുള്ളിൽ ദീർഘനേരം നിൽക്കുക.
- COVID-19 ബാധിച്ച ഒരു വ്യക്തിയുടെ ശരീര സ്രവങ്ങളുമായി (രക്തം, കഫം, ശ്വസന കണികകൾ എന്നിവ) നേരിട്ട് സമ്പർക്കം പുലർത്തുക.
- രോഗം ബാധിച്ചതും എന്നാൽ പുറമേ ലക്ഷണങ്ങളില്ലാത്തവരുമായ ആളുകളിൽ നിന്നും COVID-19 രോഗവ്യാപനത്തിന് സാധ്യതയുണ്ടെന്ന് സമീപകാല പഠനങ്ങൾ സൂചിപ്പിക്കുന്നു.

## <u>ദൈനംദിന ജോലികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ :</u>

- റോൾ കോളുകൾ, ഷിഫ്റ്റ് മാറ്റം, പരേഡ് , ക്ലാസുകൾ തുടങ്ങി ഉദ്യോഗസ്ഥർ കൂട്ടംകൂടുന്ന അവസരങ്ങൾ ഒഴിവാക്കുക.
- ചെക്ക് പോസ്റ്റുകളിൽ ഡ്യൂട്ടികൾ അതാത് ചെക്ക് പോസ്റ്റിന്റെ അംഗബലവും ഡ്യൂട്ടി സ്വഭാവമനുസരിച്ച് ഡ്യൂട്ടിയും വിശ്രമവും ക്രമീകരിക്കണം. കോവിഡ് സുരക്ഷ മുൻനിർത്തി ആയിരിക്കണം ഇത് ചെയ്യേണ്ടത്.